**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1425** **07-10-2021 - ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ താലൂക്ക് ലെവൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി (റ്റി.എൽ.എ.സി.) രൂപീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വിശദമാക്കുമോ; | (എ) | 1964-ലെ കേരള ഭൂപതിവ് ചട്ടം 12A (ii) പ്രകാരം താലൂക്കിനേയോ അതിർത്തി പ്രദേശത്തേയോ പ്രതിനിധീകരിക്കുന്ന പാർലമെന്റ്, നിയമ സഭാ പ്രതിനിധികൾ ഭൂമിപതിവ് കമ്മിറ്റികളിൽ അംഗമായിരിക്കണം. ടി താലൂക്കിൽ ഉൾപ്പെട്ടു വരുന്ന പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, എസ്.സി/ എസ്.റ്റി പ്രതിനിധി, ഔദ്യോഗിക അംഗമായി തഹസീൽദാർ എന്നിവർ ഉൾപ്പെടുന്നതാണ് താലൂക്ക് ലെവൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി (റ്റി.എൽ.എ.സി). ആയതിൽ, നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പ്രതിനിധികളുടെ പേരും വിവരണങ്ങളും ലഭ്യമാകാത്തതിനാലാണ് ടി കമ്മിറ്റി രൂപീകരിക്കാൻ കഴിയാത്തത്. കേരള കോൺഗ്രസ് (ജോസഫ്) , റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (RMPI), നാഷണൽ സെക്യുലാർ കോൺഫറൻസ് (NSC), കേരള കോൺഗ്രസ് (ജേക്കബ്), ജനാധിപത്യ കേരള കോൺഗ്രസ് (JKC), എന്നീ രാക്ഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുടെ പേരുവിവരങ്ങൾ ഇനിയും ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത കമ്മിറ്റി എന്നത്തേയ്ക്ക് രൂപീകരിക്കാൻ കഴിയുമെന്നറിയിക്കുമോ; | (ബി) | നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പേരുവിവരങ്ങൾ അടങ്ങിയ ശുപാർശകൾ പൂർണ്ണമായും ലഭിച്ചു കഴിഞ്ഞാലുടൻ തന്നെ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതാണ്. |
| (സി) | കമ്മിറ്റി രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (സി) | നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുടെയും പേരുവിവരങ്ങൾ അടങ്ങിയ ശുപാർശകൾ പൂർണ്ണമായും ലഭിച്ചു കഴിഞ്ഞാലുടൻ തന്നെ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ